**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3643** **27-06-2024 - ൽ മറുപടിയ്ക്ക്**

**വനിതാ റസിഡൻഷ്യൽ പോളിടെക്നിക് കോളേജ് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക് കോളേജ് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) | **നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി ട്രാഞ്ചേ XXIII -ൽ ഉൾപ്പെട്ട വനിതാ റസിഡൻഷ്യൽ പോളിടെക്നിക് കോളേജ് ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മാണം നബാർഡ് ഉപേക്ഷിച്ചതിനാൽ പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കാൻ നിർവാഹമില്ല.** |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയ്ക്കാണ് ഭരണാനുമതി കിട്ടിയതെന്ന് വിശദമാക്കാമോ; | (ബി) | **നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 1,51,22,482.27/- (ഒരു കോടി അമ്പത്തൊന്നു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാനൂറ്റി എൺപത്തി രണ്ട് രൂപ ഇരുപത്തി ഏഴ് പൈസ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (സി) | ടെണ്ടർ എടുക്കാത്ത സാഹചര്യമാണെങ്കിൽ ഭരണാനുമതി നൽകിയ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ചെയ്യാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | പദ്ധതി **നബാർഡ്** ഉപേക്ഷിച്ച സാഹചര്യത്തിൽ ഇപ്പോൾ ടെണ്ടർ നടപടികൾ ഒന്നും പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ